# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2701. 20.6.2013 ൽ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്.<br>ശ്രീ.ജോസ് തെറ്റയിൽ.<br>ശ്രീ.സി.കെ.നാണു .<br>ശ്രീമതി.ജമീലാ പ്രകാശം. | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട്എന്തെങ്കിലും മാർഗ്ഗ നിർദ്ദേശമോ നടപടിക്രമങ്ങളോ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | എ) ഉണ്ട്.സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള തിരഞ്ഞെടുത്ത ആർട്സ് &സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| ബി) സ്വയംഭരണാവകാശം ദുർവ്യയം ചെയ്യാതിരിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | ബി) സ്വയംഭരണവകാശം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണം മാത്രമാണ്. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികളിന്മൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ് |

സെക്ഷൻ ഓഫീസർ